# കുടുംബദീപം.

പുസ്തകം ൩. | ജനുവരി ൧൯൩൬. | ലക്കം ൧.

## ദനഹ.

(മൂന്നു രാജാക്കന്മാരുടെ തിരുനാൾ, ജനുവരി ൩.)

പിന്നെ ഹേറോദേസ് രാജാവിന്റെ നാളുകളിൽ, യൂദായുടെ ബെസ്ലെഹേമിൽ ഈശോ പിറന്നതിന്റെശേഷം, ഇതാ ജ്യോതിഷവിദ്വാന്മാർ കിഴക്കുനിന്നു ഒറശ്ലേമിലേക്കു വന്നു. യൂദന്മാരുടെ രാജാവായി അവതരിച്ചിരിക്കുന്നവൻ എവിടെ ആകുന്നു? എന്തുകൊണ്ടെന്നാൽ, ഞങ്ങൾ അങ്ങെ നക്ഷത്രം കിഴക്കു കണ്ടു് അങ്ങെ ആരാധിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. ഇതു കേട്ടാറെ ഹേറോദേസുരാജാവും അവനോടുകൂടെ ഒറശ്ലേം മുഴുവനും കലങ്ങി. ആകയാൽ അവൻ സകല പ്രധാനാചാര്യന്മാരെയും, ജനത്തിന്റെ ഉപാദ്ധ്യായന്മാരെയുംകൂട്ടി, മിശിഹാ എവിടെ ജനിക്കും എന്നു അവരോടു ചോദിച്ചു. എന്നാറെ അവർ അവനോടു പറഞ്ഞതായതു്: യൂദായുടെ ബെസ്ലഹേമിൽതന്നെ. എന്തുകൊണ്ടെന്നാൽ ഇപ്രകാരം ദീർഘദർശിയാൽ എഴുതപ്പെട്ടിരിക്കുന്നു:

യൂദായുടെ ബെസ്ലഹമെ, നീ യൂദായുടെ പ്രഭുക്കളിൽ ഒട്ടും ചെറുതല്ല. എന്തുകൊണ്ടെന്നാൽ എന്റെ ജനമായ ഇസ്രായേലിനെ ഭരിപ്പാനുള്ള നായകൻ നിങ്കൽനിന്നു വരും.

അപ്പോൾ ഹേറോദേസ് ആ ജ്യോതിഷവിദ്വാന്മാരെ രഹസ്യമായി വിളിച്ചിട്ടു, നക്ഷത്രം കാണപ്പെട്ട സമയം അവരോടു താല്പര്യമായി ചോദിച്ചറിഞ്ഞു. പിന്നെ അവൻ അവരെ ബെസ്ലഹമിലേക്കു അയച്ചു: നിങ്ങൾ ചെന്നു ശിശുവിനെക്കുറിച്ചു താല്പര്യമായിട്ടു അന്വേഷിപ്പിൻ; നിങ്ങൾ അങ്ങെ കണ്ടെത്തിയാൽ ഞാനും വന്നു അങ്ങേ ആരാധിപ്പാൻവേണ്ടി, എന്നോടു അറിയിക്കയും ചെയ്യിൻ എന്നു പറഞ്ഞു. രാജാവു പറ

ഞങ്ങൾകേട്ട അവർ പുറപ്പെട്ടു; അപ്പോൾ ഇതാ അവർ കിഴക്ക കണ്ട നക്ഷത്രം ശിശു ഇരുന്ന സ്ഥലത്തു മേൽഭാഗത്തു വന്നു നില്ക്കുവോളം അവരുടെ മുൻപോയിരുന്നു. എന്നാൽ അവർ നക്ഷത്രത്തെ കണ്ടു എത്രയും വലിയ സന്തുഷ്ടിയോടെ ആനന്ദിച്ചു. പിന്നെ അവർ വീട്ടിൽ പ്രവേശിച്ചു ശിശുവിനെ അവന്റെ മാതാവായ മറിയത്തോടുകൂടെ കണ്ടു്, സാഷ്ടാംഗംവീണു്, അവനെ ആരാധിച്ചു; തങ്ങളുടെ നിക്ഷേപ പാത്രങ്ങളെ തുറന്നു പൊന്നും കുന്തുരുക്കവും നറുമ്പശയും അവനു കാഴ്ചകളായി അർപ്പിക്കയും ചെയ്തു. അവർ ഹേറോദേസിന്റെ അടുക്കലേക്കു തിരിച്ചുപോകരുതെന്നു അവൎക്കു സ്വപ്നത്തിൽ അരുളപ്പാടുണ്ടായതുകൊണ്ടു അവർ വേറെ വഴിയായി സ്വദേശത്തിലേക്കു പിന്തിരികയും ചെയ്തു.

— വി. മത്തായി.

## "കർത്താവിന്റെ മാലാഖ."

വേലക്കാരും മററും കൂട്ടമായി ചേൎന്ന 'കർത്താവിന്റെ മാലാഖ' ജപിക്കുന്നതായി തങ്ങളുടെ മനോധൎമ്മമനുസരിച്ചു ചിത്രകാരന്മാർ എഴുതീട്ടുള്ള ഹൃദയംഗമമായ പടങ്ങൾ വായനക്കാരിൽ ചിലരെങ്കിലും കണ്ടിരിക്കാനിടയുണ്ടു്. മണിനാദം കേൾക്കുമ്പോൾ ദേവമാതാവിനെ അഭിസംബോധനംചെയ്തുകൊണ്ടു ഭക്തിപൂൎവ്വം നടത്തുന്ന ഈ പ്രാൎത്ഥനയെക്കാൾ വിശേഷമായി നമുക്കു ഏതു ഭക്തികൃത്യമാണുള്ളതു്?

ചന്തകളിലും തെരുവീഥികളിലും വലിയ സ്വരത്തിൽ വാശിയോടെ വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന അയറിഷ്കാർ ഘണ്ടാരവം കേൾക്കവെ പെട്ടെന്നു മുട്ടുകുത്തി തൊപ്പി മാററി നഗ്നശിരസ്കരായി നമസ്കരിക്കുന്ന കാഴ്ച ആരിലാണു് ഉത്സാഹവും ഭക്തിയും ഉളവാക്കാത്തതു്?

'കർത്താവിന്റെ മാലാഖ' അന്യാദൃശമായ ഭക്തിരസം വഴിഞ്ഞൊഴുകുന്ന ഒരു പ്രാൎത്ഥനയാണു്. എന്നാൽ അതു് അത്ര കാൎയ്യമായി ഇപ്പോൾ ആരും ഗണിക്കാറില്ല. ലൗകികചിന്തകളി

ൽ നിമഗ്നനായ മനുഷ്യൻ ദേവമാതാവിനോടുള്ള വന്ദന വിസ്മരിച്ചുകളഞ്ഞിരിക്കുന്നു. പട്ടണങ്ങളിലുംമററും കൂട്ടമായിച്ചേൎന്നു കൎത്താവിന്റെ മാലാഖ എത്തിക്കുന്ന സമ്പ്രദായം ഇപ്പോൾ മിക്കവാറും അന്തൎദ്ധാനം ചെയ്തിരിക്കയാണു്. ഇതു ഒരിക്കലും അനുവദനീയമല്ല ഈ ഭക്തിസംവൎദ്ധകമായ പതിവു് പുനഃസ്ഥാപനം ചെയ്യേണ്ടിയിരിക്കുന്നു. നിങ്ങൾ, ആരായിരുന്നാലും എവിടെ ആയിരുന്നാലും ആരുടെ കൂട്ടത്തിൽ ആയിരുന്നാലും വേണ്ടതില്ല കുരിശുമണി കേട്ടാൽ ഉടൻ മുട്ടുകുത്തി കൎത്താവിന്റെ മാലാഖ എത്തിക്കുക. 'ദൃഷ്ടാന്തം മലയെ മാററും' എന്നുണ്ടല്ലൊ. മററുള്ളവരും ക്രമേണ നിങ്ങളെ അനുകരിച്ചുകൊള്ളും. ഇക്കൊല്ലാരംഭത്തിൽ, 'കൎത്താവിന്റെ മാലാഖ' കൃത്യസമയത്തു എത്തിക്കുന്നതാണെന്നു പ്രതിജ്ഞചെയ്തു് തദനുസാരം പ്രവൎത്തിക്കുണമെന്നു എല്ലാവരോടും ഞങ്ങൾ സാദരം അഭ്യൎത്ഥിച്ചുകൊള്ളുന്നു.

---

# ഓക്സ്ഫോഡ് പ്രസ്ഥാനം.

(ചരിത്രജ്ഞൻ.)

## I

ആംഗ്ലിക്കൻ സഭയെ രാഷ്ട്രാധികാരത്തിൽനിന്നു സ്വാതന്ത്ര്യയാക്കി മൂന്നു ശതകങ്ങളോളം രാജാധികാരവും ജനവിപ്ലവവും മൂലം നിശ്ശേഷം വിസ്മരിക്കപ്പെട്ടിരുന്ന ക്രൈസ്തവവിശ്വാസഘടകങ്ങൾക്കു ഒരു നവചൈതന്യം പ്രദാനംചെയ്യുക എന്നതായിരുന്നു ഓക്സ്ഫോർഡ് പ്രസ്ഥാനത്തിന്റെ മുഖ്യോദ്ദേശം. ആംഗ്ലിക്കൻസഭയുടെ സുസ്ഥിരതയ്ക്കും പുരോഗതിയ്ക്കും ആലംബം അതിന്റെ ജനയിതാവായ ഔതികാധികാരമായിരുന്നു. ക്രിസ്തു തന്റെ സഭയുടെ അധിപനും പ്രബോധനങ്ങളുടെ പരിപാലകനുമായി ഒരാളെ നിയമിച്ചിട്ടുണ്ടല്ലൊ. ഈ അധികാരതയിൽ നിന്നു വിഭിന്നമായ ഒരു വിശ്വാസമോ, ഇതരസ്ഥാപനങ്ങളോ

ഉണ്ടാകാൻ പാടില്ല. ഏതന്മൂലം പ്രസ്തുത ഉദ്ദേശം നിരാശാജനകമായി പരിണമിച്ചു. ഓക്സ്ഫോർഡ് പ്രസ്ഥാനത്തിൻെറ ഫലങ്ങൾ ആംഗ്ലിക്കൻസഭയ്ക്കു എന്മാത്രം ബാധകമായിട്ടുണ്ടെന്നു പര്യാലോചിക്കുന്ന പക്ഷം, ഒരു പുതിയതരം പ്രോട്ടസ്റ്റാൻറുകാർ-വേഷത്തിലും ഭാഷയിലും നാമമാത്ര കത്തോലിക്കർ - ഇതിൻെറ ഫലമെന്നാണു ഉണ്ടായിട്ടുള്ളതായികാണാം. എന്നാൽ, അതിൻെറ അനുഗാമികളിൽ ഭൂരിപക്ഷം ജനങ്ങൾക്ക് ഈ പ്രസ്ഥാനത്തിൻെറ സാക്ഷാൽ ശാന്തിനികേതനമായ സത്യസഭയിലേക്ക് സുഗമമായ ഒരു പന്ഥാവു് തുറന്നു. അതിനാൽ, സഭയുടെ ബാഹ്യ സാഹചര്യങ്ങളിലും ചൈതന്യത്തിൽ തന്നെയും അഭൂതപൂർവ്വമായ മഹദ് ഫലങ്ങൾ ഉളവായിട്ടുണ്ടു.

ഇംഗ്ലണ്ടിൽ കത്തോലിക്കാസഭയിലേക്ക് മതപരിവർത്തനം ചെയ്തവരുടെ സംഖ്യ പ്രതീക്ഷക്കനുസൃതമായിരുന്നില്ലെങ്കിലും, അവരുടെ നിലയും വിലയും കൊണ്ടു് അതിനു് പ്രാധാന്യമുണ്ടായിരുന്നു. ന്യൂമാൻ, മാന്നിങ്ങ്, വാർഡ്, ഫേബർ, ആല്ലീസ്, വിൽബർഫോർഷു മുതലായ ഓക്സ്ഫോർഡ് പ്രസ്ഥാന നേതാക്കന്മാരിൽ പ്രഥമ ഗണനീയന്മാരും സത്യസഭാ മാതാവിൻെറ ധീര സന്താനങ്ങളുമായിത്തീർന്ന മഹാന്മാരുടെ നാമശ്രവണം മാത്രം ഇതിന്ന് ധാരാളം മതിയായ ലക്ഷ്യമത്രെ. ഈ വിശിഷ്ടഫലങ്ങൾ കൂടാതെ, സധാരണന്മാരും നിർദ്ധനരുമായ അസംഖ്യം ജനങ്ങൾ കത്തോലിക്കസഭാ മാതൃവക്ഷസ്സിനെ അഭയം പ്രാപിച്ചിട്ടുണ്ടു. നിശ്ചിതമായ കണക്കുകളുടെ അഭാവത്താൽ ഖണ്ഡിതമായി പ്രസ്താവിക്കാൻ നിവൃത്തിയില്ലെങ്കിലും, അയർലാണ്ടിൽ നിന്നു കുടിയേറിപ്പാർത്തവരുംകൂടെ ഇംഗ്ലണ്ടിലെ കത്തോലിക്കാജനസംഖ്യ വളരെ വർദ്ധിച്ചിരുന്നു.

കത്തോലിക്കരുടെ സംഖ്യാനുപാതികമായ വർദ്ധനവിന് ഓക്സ്ഫോർഡ് പ്രസ്ഥാനം എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് കാനൻ ഓക്കിലിയുടെ അഭിപ്രായത്തിൽനിന്നു വിശദമാകുന്നതാണ്. " ലണ്ടനിൽ മാത്രം നമ്മുടെ പള്ളികളിലേയും കപ്പേളകളിലേയും രേഖകൾ ആസ്പദമാക്കി പ്രതിവർഷം ആയിരത്തിൽ

പരം മാനസാന്തരങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. വലിയ പട്ടണങ്ങളിൽ താരതമ്യേന ഇതിനോട്ട് സമീപിക്കുന്ന ഒരു സംഖ്യ വേറെയും കാണും. കത്തോലിക്ക മതത്തിൽനിന്നു പിരിഞ്ഞുപോകുന്നവരും മതമുപേക്ഷിക്കുന്നവരുമായ ഒരു ന്യൂനപക്ഷമൊഴിച്ചാൽ ഇരുപതു കൊല്ലങ്ങളിലായി നിരവധി ആംഗ്ലിക്കൻ വൈദികരും അനേകസഹസ്രം അവൈദികരും കത്തോലിക്കാമതാനുസാരികളായി തീർന്നിട്ടുണ്ടെന്നു കാണാം. ഇവരിൽ മിക്കരും ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും പണ്ഡിതന്മാരുമാണ്. ഇക്കഴിഞ്ഞ ഒന്നര ശതാബ്ദകാലംകൊണ്ട് ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും കത്തോലിക്കരായിട്ടുള്ളവരുടെ സംഖ്യയെ ഈ തുക അതിലംഘിക്കുമ്പോൾ ഇതിൻെറ ഫലം എത്രയും വിസ്മയാവഹമെന്നു നമുക്കു മനസ്സിലാക്കാം."

ഇവയാണ് ഓക്സ്ഫോർഡ് പ്രസ്ഥാനത്തിൻെറ പ്രത്യക്ഷഫലമായി ഇംഗ്ലണ്ടിൽ കത്തോലിക്ക സഭയ്ക്ക് ലഭിച്ചിട്ടുള്ളതു്. ഇംഗ്ലണ്ടിലെന്നല്ല, ഇതര രാജ്യങ്ങളിലും വിശിഷ്യ, അമ്മേരിക്കയിലും ആംഗ്ലിക്കൻ പുനർജ്ജീവൻെറ അനന്തര ഫലമായി ആയിരം കണക്കിനുണ്ടായിട്ടുള്ള മാനസാന്തരങ്ങൾ വ്യോമമണ്ഡലത്തിലത്രെ തങ്കലിപികളാൽ രേഖപ്പെടുത്തിയിട്ടുള്ളതു്.

മാനസാന്തരത്തിൻെറ പ്രാധാന്യം മതപരിവർത്തനം ചെയ്തവരുടെ സംഖ്യയെമാത്രം അടിസ്ഥാനപ്പെടുത്തി പരിഗണിക്കേണ്ടതല്ല. അതു് മുഖ്യമായി മതപരിവർത്തകന്മാരായ ഓരോ വ്യക്തിയിലും, പ്രത്യുത ഓരോ വൈദികനും പ്രാതിനിദ്ധ്യം വഹിക്കുന്ന അതിൻെറ വിപുലമായ ധാർമ്മികശക്തിയിലുമാണ് സ്ഥിതിചെയ്യുന്നതു്.

മതപരിവർത്തകന്മാർ പലരും തങ്ങളുടെ സ്വരക്തത്താൽ വിശ്വാസത്തിന് അഭംഗമുദ്രണംചെയ്തിട്ടുണ്ടെന്നു കേൾക്കുന്നതു് എത്രയൊ അഭിമാനസൂചകമായ ഒരു കാര്യമാണ്. ഓക്സ്ഫോർഡ് പ്രസ്ഥാനംമൂലം സത്യമതാവലംബികളായവരെ സംബന്ധിച്ചു് ഈവസ്തുത ഒട്ടുംതന്നെ അസംഗതമായിരുന്നില്ല. പുരാതനകാലത്തിലെപ്രകാരമൊ, അപ്രകാരം ഈ കാലഘട്ടത്തിലും മതതീ

ക്ഷ്ണതയുള്ള സിദ്ധന്മാരെപ്പോലെ ഇവൎക്കും ത്യാഗവും ക്ലേശങ്ങളും സ്വയം വരിക്കേണ്ടതായി ഭവിച്ചു. കാരാഗൃഹം, ഇരിമ്പുചക്രം, കഴുമരം ഇവയുടെ സ്ഥാനത്ത് സുഹൃൽ സഹവാസ നിവൎത്തനം, ബന്ധുമിത്രവിരഹം, സമുദായ ബഹിഷ്കരണം, ജീവാപായം എന്നിവ ൧൯-ാം ശതകത്തിലെ ആംഗ്ലിക്കൻ മതപരിവൎത്തകന്റെ മതതൈക്ഷ്ണ്യത്തെ പലപ്പോഴും പരിശോധിച്ചിട്ടുണ്ടു. ഈദൃശ സന്ധിയിൽ പരസ്യമായി കത്തോലിക്ക സഭാപ്രവേശം ചെയ്യുന്ന ഓരോ വ്യക്തിയും ദുസ്സഹവും ഉഗ്രവുമായ പീഡനങ്ങൾ സ്വമനസ്സാ സ്വീകരിക്കുന്നതിന് സന്നദ്ധനാകേണ്ടിയിരുന്നു. ഓക്സ്ഫോർഡ് പ്രസ്ഥാനത്തിനു മുമ്പ് ഏതാദൃശദണ്ഡനങ്ങൾ തുലോം കുറവായിരുന്നു. അന്ന് കത്തോലിക്കരിൽനിന്ന് പ്രോട്ടസ്റ്റാൻറ് സഭയ്ക്കോ, ജനതതിക്കോ സാരമായ ഉടവു തട്ടുമെന്ന ഊഹം അസ്ഥാനത്തായിരുന്നതുതന്നെയായിരുന്നു ഇതിന്റെ ഹേതു.

ക്ഷണേന ആംഗ്ലിക്കരുടെ വലിയ ഒരു ജനവിഭാഗം തങ്ങളുടെ പരിഹാസപാത്രമായിരുന്ന കത്തോലിക്കാസഭയെ അഭയം പ്രാപിച്ചു. ആംഗ്ലിക്കൻ സഭാരാമത്തിൽ അനവരതം ശോഭിച്ചിരുന്ന സുരഭിലകുസുമങ്ങൾ, കളങ്കപങ്കിലമാകാത്ത മഹാശയന്മാർ, സമുദായപ്രമുഖന്മാർ, ആംഗ്ലേയസാഹിത്യ പരിഷ്കാരകേന്ദ്രങ്ങളുടെ പ്രശംസാഭാജനങ്ങളായിരുന്നു അവർ. മനസ്സാക്ഷിയുടെ ധാൎമ്മികശക്തിക്കധീനരായി ഐഹിക ഐശ്വൎയ്യങ്ങളെയും സുഖഭോഗങ്ങളെയും നിശ്ശേഷം അവഗണിച്ചു ന്യൂമാൻ പ്രഭൃതികളോടുകൂടി സത്യസന്ധതയെ യശസ്സിനെക്കാളും സത്യത്തെ പ്രേഷ്ഠസുഹൃത്തുക്കളെക്കാളും സ്നേഹിച്ചുവെന്നു അവൎക്കു സധൈൎയ്യം പ്രഘോഷിക്കാം. പരിഹാസേച്ഛുക്കളായ പ്രോട്ടസ്റ്റാൻറുകാർ നിൎദ്ദയം വൎഷിച്ചിരുന്ന ശകാരശരങ്ങളെ തൃണവൽ ഗണിച്ചു കുരിശിനെ സ്വമനസാ വഹിച്ചുകൊണ്ടു ആദ്ധ്യാത്മികസമരം നടത്തി അവർ ലോകത്തിനു വിശ്വാസത്തിന്റെ പ്രത്യക്ഷസാക്ഷ്യം നൽകി. അവരുടെ പ്രവൃത്തികൾ കത്തോലിക്കാസഭയുടെ അവകാശവാദങ്ങളെ പൂൎവ്വവൽ സ്ഥിരീകരിക്കുന്ന സാക്ഷിപത്രങ്ങളായിരുന്നു. ഇവ പ്രായോഗികചിന്തകന്മാരായ പ

ല ആംഗ്ലിക്കരുടെ അഭിമാനത്തിനു പാത്രമായിട്ടുള്ള തുംകൂടിയാണ്. പ്രാചീന റോമാസാമ്രാജ്യത്തിലെ രണാങ്കണങ്ങളിൽ ചൊരിഞ്ഞിരുന്ന ക്രൈസ്തവരുടെ ചുടുചോരയെപ്പോലെ ഇതും അനേകം ആത്മാക്കളുടെ രക്ഷയ്ക്കു ഒരുപാധിയായി പരിണമിച്ചു.

ഈദൃശ മതപരിവൎത്തനങ്ങളിൽനിന്നു സംസിദ്ധമായ കത്തോലിക്കാമതസത്യതയുടെ തെളിവിനു അതിന്റെ ബാഹ്യവും സ്വാതന്ത്ര്യവുമായ പ്രകൃതത്തിൽ ഒരു അന്വയോജ്യത ഉൽഭൂതമായിട്ടുണ്ട്. ജൎമ്മനി, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ ഉത്ഭവിച്ച കത്തോലിക്കാ പ്രവൎത്തനങ്ങൾ ഏതൽക്കാലഘട്ടത്തിൽതന്നെ സമാരംഭിച്ച ഓക്സ്ഫോർഡ് പ്രസ്ഥാനംമൂലം ഏതാനും ചില വ്യതിയാനങ്ങൾക്കു വിധേയമായിരുന്നു. ഓക്സ്ഫോർഡ് പ്രസ്ഥാനം കത്തോലിക്കരുടെ പ്രത്യക്ഷമായ ധാൎമ്മികശക്തിക്കധീനമായിരുന്നില്ല. ഈ പ്രസ്ഥാനത്തിനു ബീജാവാപം ചെയ്തത് റോമാസഭയുടെ ബദ്ധവൈരികളായിരുന്ന പ്രോട്ടസ്റ്റാൻറു നേതാക്കന്മാരായിരുന്നു. എന്നാൽ ഈ ലഘുലേഖകന്മാർ (Tractarians) റോമാസാഹിത്യവും പുരാതന ആരാധനക്രമവും പൂൎവ്വസഭാചരിത്രവും അത്യൌത്സുക്യത്തോടെ പഠനംചെയ്തു. ഏതൽഫലമായി അവരുടെ ശ്രദ്ധ കത്തോലിക്കാ സഭയുടെ കേന്ദ്രമായ റോമയിലേയ്ക്കു ഹഠാദാകൎഷിക്കപ്പെട്ടു. (തുടരും)

# അവളെ ഒരു പീഠത്തിൽ സ്ഥാപിച്ചു.

ഒരു തണുത്ത കാററുണ്ടായപ്പോൾ കിടക്കയിൽ എഴുന്നീററിരിക്കുന്ന ആ ചെറിയ രോഗിണി അൎദ്ധനിമീലിതങ്ങളായ കണ്ണുകൾ തുടച്ചുകൊണ്ടു വാതായനങ്ങളിൽക്കൂടെ പുറത്തേക്കു നോക്കി.

“കാററും മഞ്ഞുമുണ്ടാകുമ്പോൾ ഈ വിഷമങ്ങൾ എനിക്കു വരികപതിവാണ്. അതുനിമിത്തം എനിക്കു ക്ഷീണവും വൎദ്ധിക്കുന്നു.” എന്നു അവൾ കണ്ണുകൾ ഇമച്ചുകൊണ്ടു പറഞ്ഞു.

അവർ കണ്ണടച്ചു മന്ദിച്ചുതുടങ്ങി. എങ്കിലും അല്പം കഴി ഞ്ഞപ്പോൾ ക്ലേശപൂർണ്ണങ്ങളായ ഓരോ വിചാരങ്ങൾ അവളെ ഉണർത്തി.

"നിന്നെ ഇവിടെനിന്നും വിട്ടാൽ നീ എന്തു ചെയ്യും. നിനക്കു വീടില്ല. നീ എവിടെ താമസിക്കും. നിനക്കു ഒരു ജോലി നോക്കാനും ശക്തിയില്ല. നിന്നെ ദയവായി ആരും സ്വീകരിക്കാത്തപക്ഷം നീ എങ്ങിനെ കഴിച്ചുകൂട്ടും."

ഇവയെല്ലാം വിഷമമുള്ള പ്രശ്നങ്ങൾതന്നെ. അവ ശക്തിമത്തായിത്തീർന്നപ്പോൾ അവൾ എണീററിരുന്നുകൊണ്ടു പറഞ്ഞു:

"ഓ ദൈവമേ, ഞാൻ എന്തു ചെയ്യും." അവൾ ക്ഷീണിച്ചും വിളറിയുമിരുന്ന മററു രോഗികളുടെനേരെ നോക്കി. അവരെല്ലാവരും ഉറങ്ങുകയായിരുന്നു.

"എന്നെക്കാളധികം വിഷമമുള്ള രോഗങ്ങളാണ് ഇവരിൽ ഓരോരുത്തർക്കുമുള്ളതു്. ഞാൻ ഒരിക്കലും ആവലാതിപ്പെടരുതു്. എനിക്കു വളരെ സുഖമുണ്ടു്. അവർ ഈ കൊല്ലം അവസാനിക്കുന്നതുവരെ ജീവിച്ചിരിക്കയില്ല." എന്നവൾ വിചാരിച്ചു.

മിക്കവാറും മരിക്കാറായ സ്ഥിതിയിൽ ആലീസിനെ ആതുരശാലയിൽ കൊണ്ടുവന്നാക്കിയതു് ഉദ്ദേശം ഒരു കൊല്ലം മുമ്പാണ്. അവളുടെ രണ്ടു ശ്വാസകോശങ്ങൾക്കും രോഗം ബാധിച്ചിരുന്നു. സമർത്ഥനായ ഡോക്ടരുടെ ചികിത്സകൊണ്ടും ദയയുള്ള നെഴ്സിൻെറ പരിചരണംകൊണ്ടും അവൾക്കു വളരെ സുഖം കിട്ടി. ക്ഷയം അസാദ്ധ്യരോഗമായി ഗണിക്കപ്പെട്ടിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ വൈദ്യശാസ്ത്രത്തിൻെറ പുരോഗമനത്തോടുകൂടി അസാദ്ധ്യമെന്നു വിചാരിക്കപ്പെട്ടിരുന്ന പലകേസുകളും സുഖപ്പെട്ടിട്ടുണ്ടു്.

ആതുരശാലയിൽ ആലീസിനു വളരെ സന്തോഷമായിരുന്നു. അവൾ ഒരു പ്രോട്ടസ്റ്റാൻറുകാരിയായിട്ടാണ് അവിടെ പ്രവേശിച്ചതു്. ഇപ്പോൾ അവൾ കത്തോലിക്കാമതം അവലംബിച്ചിരിക്കുന്നു. അവിടെ രാത്രി ജോലി നോക്കുകയും ഏകാകിനി

യായ കൊച്ചു ആലീസിനെ ശുശ്രൂഷിക്കുകയും ചെയ്തുകൊണ്ടിരു ന്ന മോഠം എന്ന നഴ്സിൻെറ സുകൃതജീവിതവും ദൃഷ്ടാന്തവും കൊണ്ടാണ് ഇതെല്ലാം സംഭവിച്ചത്. സുഖവാസാത്ഥം കടൽ ത്തീരത്തു പോയി താമസിക്കുന്ന ഒരു വിധവ (ഭത്താവു യുദ്ധത്തി ൽ കൊല്ലപ്പെട്ടു) യായ സഹോദരിയല്ലാതെ മാതാപിതാക്കന്മാ രൊ ബന്ധുക്കളൊ ആലീസിനുണ്ടായിരുന്നില്ല. അവഠം ആതുര ശാലയിൽ കിടക്കുമ്പോഴാണ് അമ്മ മരിച്ചത്.

ഇപ്പോഠം അവഠം ഭവനരഹിതയാണ്. ആതുരശാല വി ടാറായപ്പോഠം അവഠംക്കു ഭയമുണ്ടായതിൽ അതിശയിക്കാനില്ല. അവഠം പോകതന്നെവേണം. അവളുടെ കട്ടിൽ മററൊരാഠംക്കു ഒഴിഞ്ഞുകൊടുക്കേണ്ടതാവശ്യമായിരുന്നു.

സൂയ്യൻ അസ്തമിച്ചു മഞ്ഞു വീണുതുടങ്ങിയപ്പോഠം നഴ്സ് മോഠം വന്നു രോഗികളെ സന്ദശിച്ചുതുടങ്ങി. പലരും ഉറക്കം പിടിച്ചു. അവളുടെ ഓമനയായ കൊച്ചുരോഗിണിയുടെ മുഖത്തു ദുഃഖചിഹ്നങ്ങഠം കണ്ടു അവഠം ഇപ്രകാരം ചോദിച്ചു.

"ആലിസേ, നിനക്കു എന്താണ് ഇത്ര വ്യസനം ?" അവ ളെ കുറെനേരം തലോടിയതിൻെറശേഷം "നീ എന്താണ് വി ചാരിക്കുന്നത് ?" എന്നു വീണ്ടും ചോദിച്ചു.

"ഓ നഴ്സ് ! ആ പഴയ സംഗതിതന്നെ. എന്നെ ഇവി ടെനിന്നു വിട്ടാൽ ഞാൻ എവിടെ പോകും ?"

നഴ്സ് ആ കട്ടിലിൻെറ ഒരു ഭാഗത്തു ഇരുന്നു കുറച്ചുനേരം അവളെ സൂക്ഷിച്ചുനോക്കി.

"മാതാവിൻെറ കാപ്പയുടെ കീഴല്ലാതെ എവിടെ പോകാ നാണ് ?" എന്നു പറഞ്ഞു.

"മാതാവിൻെറ കാപ്പയുടെകീഴ്" എന്നു കേട്ടപ്പോഠം അവ ഠംക്കു എന്തെന്നില്ലാത്ത സന്തോഷമുണ്ടായി. അതേ അതാണ് അവളെ കത്തോലിക്ക സഭയിലേക്കു നയിച്ചത്. ആ കഥ മുഴു വനും അവളുടെ ഓമ്മയിൽ വന്നു. ആലീസ് പ്രോട്ടസ്റ്റാന്റ് അന്ധകാരത്തിൽ അലഞ്ഞുതിരിഞ്ഞപ്പോഴും അവഠംക്കു ദുഃഖ മോ വേദനയോ ഭയമോ ഉണ്ടായപ്പോഴും നഴ്സ് മോഠം പറ

ഞ്ഞിരുന്നതു്:

"നീ വ്യസനിക്കേണ്ട, മാതാവിൻെറ കാപ്പയുടെ കീഴിൽ അഭയം പ്രാപിച്ചോളു" എന്നായിരുന്നു. പ. കന്യക നമ്മളെ എല്ലാവരുടെയും മാതാവായിത്തീന്നതു എങ്ങിനെയാണെന്ന അവൾ ഒന്നിലധികം പ്രാവശ്യം ആലീസിനെ വിവരമായി ഗ്രഹിപ്പിച്ചിട്ടുണ്ടായിരുന്നു. ബെത്ലഹെമിലെയും നസ്സറത്തിലെയും ഭവനത്തെക്കുറിച്ചുള്ള കഥ മുഴുവനും സകല സാഹചര്യങ്ങളോടു കൂടെ പറയുമ്പോൾ അവൾ അത്യാനന്ദത്തോടുകൂടെ അതു കേൾക്കുകയും കൂടുതൽ അറിയുന്നതിനു ഓരോ ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവൾക്കു ആ വിഷയത്തെക്കുറിച്ചു എത്ര കേട്ടാലും തൃപ്തിയുണ്ടായിരുന്നില്ല.

അവൾ വേദസത്യങ്ങളെല്ലാം വേണ്ടപോലെ പഠിച്ചതിൻെറശേഷം ഒരു കത്തോലിക്ക വൈദികനെ വരുത്തി തിരുസ്സഭയിൽ ചേരാനുള്ള അവളുടെ ആഗ്രഹത്തെ അറിയിച്ചു. അദ്ദേഹം ആവശ്യമുള്ള ഉപദേശങ്ങൾ നൽകി അവളെ സസന്തോഷം സ്വീകരിച്ചു. അതു ആലീസിനു ഒരു സൌഭാഗ്യദിനം തന്നെയായിരുന്നു. "മാതാവിൻെറ കാപ്പയുടെകീഴ്" മാതാവിനോടു സംഭാഷണം ചെയ്തുകൊണ്ടു അവൾ അനേകം ദിനരാത്രികൾ കഴിച്ചു.

കട്ടിലിന്മേൽ ഇരുന്നിരുന്ന നഴ്സ് മോൾ ഇതെല്ലാം അവളെ ഓർമ്മിപ്പിച്ചതിൻെറശേഷം ഇങ്ങിനെ അവസാനിപ്പിച്ചു.

"എന്നാൽ നീ ഇപ്പോൾ എന്തിനാണ് ദുഃഖിക്കയും ഭയപ്പെടുകയും ചെയ്യുന്നതു്? നിന്നെ ഇതുവരെ സംരക്ഷിച്ച ആ പരി. ദേവമാതാവു ഇനിയും നിനക്കു ഒരു ഭവനം നൽകാതിരിക്കുമോ? നീ അവളുടെ കാപ്പയുടെ കീഴിൽ തന്നെ പൂണ്ണവിശ്വാസത്തോടുകൂടെ അഭയം തേടുകയും പ്രാത്ഥിക്കയുംചെയ്യുക!"

ആലീസിൻെറ പ്രാത്ഥന വൃഥാവിലായില്ല. രണ്ടു ദിവസം കഴിഞ്ഞു അവളുടെ സഹോദരിയുടെ ഒരു കത്തു കിട്ടി. അതിൽ അവളെ അങ്ങോട്ടു ക്ഷണിച്ചിരുന്നു.

ആലീസ് അതുകൊണ്ടു തൃപ്തിപ്പെട്ടില്ല.

അവൾ നഴ്സിനെ എഴുത്തു കാണിച്ചുകൊണ്ടു പറഞ്ഞു: "ഓ, നഴ്സ്, ഫീലൊ ഒരു തികഞ്ഞ പ്രോട്ടസ്റ്റാന്റുകാരത്തിയാണ്. അതുകൊണ്ടു ഞാൻ എന്താണു ചെയ്യേണ്ടതു്? ഞാൻ മതം മാറിയതുകൊണ്ടു അവൾ എന്നെ ആക്ഷേപിക്കയും കുററപ്പെടുത്തുകയും ചെയ്യും."

"അവൾ ആ വിവരം അറിഞ്ഞിട്ടില്ലേ?"

"ഇല്ല."

"കൊള്ളാം. അവളെ വിവരം അറിയിക്കുക. അവൾ എന്തു ചെയ്യുമെന്നറിയാമല്ലൊ."

ആലീസ് കത്തയച്ചു. മറുപടി അത്ര തൃപ്തികരമായിരുന്നില്ല. എങ്കിലും അവൾ വാഗ്ദാനത്തെ പിൻവലിച്ചില്ല. കത്തു ഇങ്ങിനെ അവസാനിപ്പിച്ചിരുന്നു:

"കഴിയുന്നതും വേഗം നീ എൻെറ അടുക്കൽ വരുന്നതു് എനിക്കു സന്തോഷമാണ്."

"ഇതു് നന്നായിരിക്കുന്നു. എൻെറ ഓമനേ, നീ വ്യസനിക്കേണ്ട. അവൾ വേണ്ടപോലെ എഴുതിയിരിക്കുന്നു. നിൻെറ മതത്തെക്കുറിച്ചു അവൾ ആക്ഷേപിക്കയാണെങ്കിൽ അതു ക്ഷമിക്കണം. നമ്മുടെ കത്താവിനെക്കുറിച്ചു അതു് നീ സഹിക്കണം. നിൻെറ നല്ല ദൃഷ്ടാന്തംകൊണ്ടു നീ അതിൽ സ്ഥിരമായിരിക്കാൻ നിശ്ചയിച്ചിരിക്കുന്നതായി കാണിക്കണം." എന്നു നഴ്സ് പറഞ്ഞു.

"ഞാൻ അങ്ങിനെതന്നെ ചെയ്യാം. ഞാൻ ഫീലോയുടെ മാനസാന്തരത്തിനുവേണ്ടി ദേവമാതാവിനോടു അപേക്ഷിക്കും."

"അതുതന്നെ വേണ്ടതു!" എന്നു നഴ്സ് പറഞ്ഞു.

ആരംഭത്തിൽ ആലീസിൻെറ ജ്യേഷ്ഠത്തി മതസംബന്ധമായി അവളോടു അധികമൊന്നും പറഞ്ഞിരുന്നില്ല. ഞായറാഴ്ച പള്ളിയിൽ പോകുന്നതിനു യാതൊരു ആക്ഷേപവും പറയാതെ അനുവദിച്ചിരുന്നു. വെള്ളിയാഴ്ച മത്സ്യമാണ് അവൾക്കു ലഭിച്ചിരുന്നതെങ്കിലും "ഇതെന്തൊരു പതിവു്" "അത്ഥമില്ലാത്ത ആചാരം". "അനാവശ്യച്ചെലവു" എന്നൊക്കെ ജ്യേഷ്ഠത്തി ഭ

ക്ഷണസമയത്തു പുലമ്പാറുണ്ടായിരുന്നു. അങ്ങിനെ വരുമ്പോൾ ആലീസ് വിനയപുരസ്സരം "മാംസത്തിനു പകരം എനിക്കു മൊട്ട തന്നാൽ മതി." എന്നു പറയും. "പിന്നെയെന്തു ? നിന്നെ പട്ടിണിയിട്ടുകൊല്ലാൻ തുടങ്ങി എന്നു നീ പരാതി പറകയില്ലേ ? " എന്നു ഫീലൊ ചോദിക്കും. "ഇല്ല, ഒരിക്കലുമില്ല" എന്നു ആലീസു താഴ്മയോടെ പറയും. "ദയവായി മിണ്ടാതിരുന്നാൽ കൊള്ളാം. നിനക്കു മീൻതന്നെ തരുന്നതാണ്." ഇങ്ങിനെ പറഞ്ഞു ഭക്ഷണം കഴിക്കും. സ്വഭാവത്താലെതന്നെ മുൻകോപിയായ ആലീസു ജ്യേഷ്ഠത്തിയുടെ കഠിന വാക്കുകൾ ക്ഷമയോടും ധൈര്യത്തോടുംകൂടെ കേട്ടു സഹിച്ചുകൊണ്ടിരുന്നു.

ഈ കൊടുങ്കാററു ആരംഭിച്ചതു ദേവമാതാവിൻെറ പിറവിത്തിരുനാളിനായിരുന്നു. ഇതുവരെ കാർമേഘങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ൮-ാം തീയതി ഒരു അശനിവർഷമുണ്ടായി. ഇതുണ്ടാകാൻ കാരണം ആലീസിൻെറ മതതീക്ഷ്ണതയാണ്. അവൾ ദേവമാതാവിൻെറനേക്കുള്ള പ്രത്യേക ഭക്തിനിമിത്തം അമലോത്ഭവമാതാവിൻെറ ഒരു ചെറിയ കൊത്തുരൂപം വാങ്ങി അവളുടെ ശയനമുറിയിൽ ഒരു പീഠത്തിൽ സ്ഥാപിച്ചു പുഷ്പങ്ങളും തിരികളുംവെച്ചു അലങ്കരിച്ചു അതിൻെറ മുമ്പിൽ മുട്ടുകുത്തി ധ്യാനിച്ചുകൊണ്ടിരുന്നു.

പെട്ടെന്നു മുറി തട്ടിത്തുറന്നു "ആലീസ്, ആലീസ്, നീ എന്താണു താഴോട്ടു വരാത്തതു് ? നിന്നെ വിളിച്ചു വിളിച്ചു എൻെറ തൊണ്ട പൊട്ടി. ഇപ്പോൾ നിന്നെ വിളിക്കാൻ ഈ കോണി കയറി ഇവിടംവരെ ഞാൻ ബുദ്ധിമുട്ടി. ഒന്നു വിളിച്ചാൽ—"

അവൾ മുറിയിൽ കയറി ആലീസിൻെറ 'ഭക്തിമൂല' കണ്ടു.

"ഓ, ഇതാണ്!" പൊട്ടിച്ചിരിച്ചുകൊണ്ടു "സ്വരൂപങ്ങളോടു പ്രാർത്ഥിക്കുന്നു!—വിഗ്രഹാരാധന ! അതു നിൻെറ പ്രാർത്ഥന കേൾക്കുമെന്നാണോ വിചാരം ! "

ആലീസു ധൈര്യത്തോടുകൂടെ അവളെ എതിരിട്ടു. "അതു ദൈവത്തിൻെറ അമ്മയുടെ സ്വരൂപമാണ്. ആരോടു നാം പ്രാർത്ഥിക്കുന്നു എന്നു നമ്മെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ് അതു

നാം ഉപയോഗിക്കുന്നതു. നാം അതിന്റെ മുമ്പിൽ പ്രാർത്ഥിക്കു ന്നു. അതിനോട്ട് അല്ല നാം പ്രാർത്ഥിക്കുന്നതു്." എന്നു ആലീസ് സഗൌരവം പറഞ്ഞു.

"കൊള്ളാം! കൊള്ളാം! ഇതാണു കത്തോലിക്കരായ നിങ്ങളുടെ ജോലി. എല്ലായ്പ്പോഴും കന്യകാമറിയത്തെ പീഠത്തിൽ സ്ഥാപിച്ചു ആരാധിക്കയല്ലേ?"

"അതിനെന്താണു് വിരോധം? അവൾ ദൈവത്തിന്റെ അമ്മയാണു്. അവിടുന്നു അവളെ എല്ലാ സൃഷ്ടികളെക്കാളും അധികമായി സ്നേഹിച്ചു; നമുക്കു എന്തുകൊണ്ടു അങ്ങിനെ ചെയ്തുകൂടാ?"

ഫീലോ ഇതൊന്നും കേൾക്കുവാനുള്ള ഭാവമേയില്ല. അവൾ കോപാന്ധയായിത്തീൎന്നു. മറിയത്തോടുള്ള ഭക്തി അവൾക്കു അസാദ്ധ്യമായിരുന്നു. അവൾ ഒരു കൊടിമൂത്ത പ്രൊട്ടസ്റ്റാന്റുകാരിയാണു്: അവാൾ അക്ഷമയോടെ തല കലുക്കി കൈകളും വീശിക്കൊണ്ടു അവിടെ നിന്നും കോവണി ഇറങ്ങിപ്പോയി.

"പിശാചു നമ്മുടെ മാതാവിനെ ഇഷ്ടപ്പെടുന്നില്ല: അവൻ അവളെ വെറുക്കുന്നതിനു മറ്റുള്ള സൃഷ്ടികളേയും പ്രേരിപ്പിക്കുന്നു." എന്നു ഒരു മന്ദഹാസത്തോടെ ആലീസു പറഞ്ഞു.

മാതാവിനോടുള്ള ഭക്തി അവൾക്കു ഹിതമായിരുന്നു. അവൾ അതു കൂടാതെ ആ വീട്ടിൽ താമസിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അവൾക്കു അതും ഒരു കുരിശായി പരിണമിച്ചു. അവൾക്കു മാതാവിനോടുള്ള ഭക്തിക്കു അണുമാത്രമെങ്കിലും കുറവുണ്ടായിരുന്നില്ല. അവൾ ശിശുവിനെപ്പോലെ വിഷമങ്ങളും സങ്കടങ്ങളുമുണ്ടാകുമ്പോൾ മാതാവിനെ ശരണംപ്രാപിച്ചു. ഈ അവസരത്തിലും തന്റെ സഹോദരിയുടെ അജ്ഞത തീൎക്കുന്നതിനു വേണ്ടി തന്നെ സഹായിക്കണമെന്നു അവൾ പ്രാൎത്ഥിച്ചു.

ഒടുവിൽ അവൾക്കു സന്തോഷസന്ദായകമായ ഒരു വിചാരമുണ്ടായി. "കൊള്ളാം അതു നല്ലതുതന്നെ ഞാൻ അങ്ങിനെ ചെയ്യും" എന്നു അവൾ തീൎച്ച്യാക്കി.

അവളുടെ അമ്മയുടെ പിറന്നാൾ ഒക്ടോബർ ഒന്നാം തീ

യതി ആയിരുന്നു. അന്നു അവർ തോട്ടത്തിൽ പോയി വിശേഷതരം പൂക്കൾ അറുത്തുകൊണ്ടുവന്നു അവർ താമസിക്കുന്ന മുറിയിലെ ഒരു മേശമേൽ വെച്ചു. അടുത്തുള്ള ചുമരിൽ ഒരു പീഠം ഉറപ്പിച്ചു അതിന്മേൽ ഒരു നാഴികമണി വെച്ചിരുന്നു. അവൾ ആ പീഠത്തിന്മേൽ നോക്കി അടുത്തിരുന്ന സഹോദരിയോടു ഇങ്ങിനെ പറഞ്ഞു:

"ഫീലോ, നാളെ അമ്മയുടെ പിറന്നാളല്ലെ?"

"അതേ, അതിനെന്താണ്?" എന്നു ചോദിച്ചു കൊണ്ടു ഫീലോയും മുകളിലേക്കു നോക്കി. രണ്ടു പേരും പരസ്പരം അനുശോചനം പ്രത്യക്ഷപ്പെടുത്തി. ഫീലോയുടെ കണ്ണിൽ നിന്നും ബാഷ്പകണങ്ങൾ പുറപ്പെട്ടു. ആലീസ് ഈ അവസരത്തെ വേണ്ടവണ്ണം ഉപയോഗപ്പെടുത്തി.

"ഈ പുഷ്പങ്ങൾ ഞാൻ അമ്മയുടെ ഓർമ്മക്കായി കൊണ്ടുവന്നിട്ടുള്ളതാണ്. അമ്മക്കു പുഷ്പങ്ങൾ വളരെ ഇഷ്ടമായിരുന്നു. ചേടത്തി അനുവദിക്കുമെങ്കിൽ ഞാൻ അതുകൊണ്ടു ഒരു കൃത്യം ചെയ്യാം."

"അതു എന്താണ്?"

ആലീസ് ജ്യേഷ്ഠത്തിയുടെ അടുക്കൽവന്നു ഇങ്ങിനെ പറഞ്ഞു:

"ഞാൻ ഈ പുഷ്പങ്ങൾ രണ്ടു പാത്രങ്ങളിലാക്കി അവയുടെ മദ്ധ്യത്തിൽ അമ്മയുടെ ഛായാപടം വെക്കാം."

"അതുകൊള്ളാം നാം അതു എവിടെവെക്കും?"

ആലീസു പീഠം ചൂണ്ടികാണിച്ചുകൊണ്ടു "അവിടെ! നാഴികമണി നമുക്കു വേറെ എവിടെ എങ്കിലും മാററിവെക്കാം."

"അങ്ങിനെതന്നെ" എന്നു പറഞ്ഞുകൊണ്ടു ഫീലോ നാഴികമണി എടുത്തുമാററി. ആലീസു പുഷ്പങ്ങളെല്ലാം രണ്ടു പാത്രങ്ങളിൽ ഭംഗിയായി നിരത്തിവെച്ചു. അതിൻെറ ശേഷം പുഷ്പങ്ങളും ഛായാപടവും പീഠത്തിൽ സ്ഥാപിച്ചു.

ഫീലോ പടത്തിൻെറനേരെ കുറെനേരം സൂക്ഷിച്ചു നോക്കിയതിൻെറ ശേഷം ഇങ്ങിനെ മന്ദം മന്ദം പറഞ്ഞു:

"ആലീസിൻെറ അഭിപ്രായം നല്ലതുതന്നെ. അമ്മ ഒരു പ്രധാനസ്ഥലത്തു ഇരിക്കേണ്ടതാവശ്യമാണ്. ആപടം അമ്മയുടെ ഓൎമ്മയെ നമ്മിൽ നില നിൎത്തും."

"അമ്മയുടെ പിറന്നാൾ" അവിടെ സമാധാനമുളവാക്കി. ഫീലോ മുൻകോപിയാണെങ്കിലും കഠിനമായ ഒരു വാക്കെങ്കിലും അന്നു പറഞ്ഞില്ല. ഉച്ചകഴിഞ്ഞു അവൾ അമ്മയുടെ പടത്തിൻെറ അടുക്കൽ ചിന്താമഗ്നയായി കാണപ്പെട്ടു. പുഷ്പങ്ങൾ ചാൎത്തി അലങ്കരിച്ചു വെച്ചിരിക്കുന്ന അമ്മയുടെ പടം അവളിൽ ആനന്ദവും ബഹുമാനവും ഉണ്ടാക്കി.

ആലീസ് ഒരു നന്മനിറഞ്ഞ മറിയവും ചൊല്ലിക്കൊണ്ടു അടുത്തുതന്നെ നില്ക്കുന്നു. അവൾ ബഹുമാനപുരസ്സരം കുറച്ചു കൂടി അടുത്തുവന്നു ജ്യേഷ്ഠത്തിയോടു ഇപ്രകാരം ചോദിച്ചു:

"ഫീലോ, അമ്മയുടെ പടം അലങ്കരിച്ചു വെച്ചിരിക്കുന്നതു നന്നായിട്ടുണ്ടോ?"

"എൻെറ ആലീസ്, അതു വളരെ നന്നായിട്ടുണ്ടു. നിനക്കു ഇങ്ങിനെ തോന്നിയതു നല്ല നേരത്താണ്. അമ്മയുടെ കാഴ്ച എനിക്കു ആനന്ദം നല്കുന്നു. അമ്മ അടുത്തിരിക്കുന്നതു പോലെയാണ് ഇപ്പോഴത്തെ എൻെറ അനുഭവം."

"എൻെറ ചേടത്തി, അമ്മ ഇപ്പോൾ ചേടത്തിക്കു വേണ്ടി പ്രാൎത്ഥിക്കുകയാണ്. അമ്മയുടെ പ്രാൎത്ഥനമൂലമാണു നാം ഇപ്പോൾ ഐക്യപ്പെട്ടിരിക്കുന്നതു."

ജ്യേഷ്ഠത്തി അല്പം സങ്കോചത്തോടും വിസ്മയത്തോടുംകൂടെ ചോദിച്ചു:

"എനിക്കുവേണ്ടി പ്രാൎത്ഥിക്കയാണോ?"

"അതേ, അമ്മ നമ്മെ വിസ്മരിച്ചിരിക്കാൻ ഇടയില്ല. നമ്മെ വിട്ടു പിരിഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ടവർ പരത്തിൽ നമ്മെ ഓൎക്കുകയും നമുക്കുവേണ്ടി പ്രാൎത്ഥിക്കുകയും ചെയ്യുന്നു."

ഫീലോ സമ്മതഭാവത്തിൽ തലകുലുക്കി പറഞ്ഞു:

"അതേ, അതു സത്യമാണു, സത്യമാണു." ആലീസു അവളുടെ സമീപത്തിൽ മുട്ടുകുത്തി.

"എന്റെ പ്രിയ ചേടത്തി, അമ്മയുടെ ഓർമ്മ ചേടത്തിക്കുണ്ടാവാൻവേണ്ടി ആ പടം ചേടത്തി സൂക്ഷിക്കുന്നുവല്ലോ? ആ പടം ഒരു പീഠത്തിൽ സ്ഥാപിച്ചു അതിനുചുററും പുഷ്പങ്ങൾവെച്ചു അലങ്കരിക്കുന്നതിനു ചേടത്തിക്കു വിരോധമില്ലല്ലോ?"

"എന്തിനാണു വിരോധം! അവൾ നമ്മുടെ അമ്മയല്ലേ!"

"ദേവമാതാവിന്റെ സ്വരൂപം ഒരു പീഠത്തിൽവെച്ചു പുഷ്പങ്ങൾ ചാർത്തി അവളെ സ്നേഹിച്ചു ബഹുമാനിക്കുന്നതും ഇതുംതമ്മിൽ എന്തു വ്യത്യാസമാണുള്ളതു? അവൾ നമ്മുടെ അമ്മയെക്കാളും വലിയവളല്ലേ? അവളുടെ സ്ഥാനത്തെക്കുറിച്ചു ചിന്തിച്ചു നോക്കുക? മിശിഹായുടെ അമ്മയായിരിക്കാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളല്ലേ അവൾ? അവളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു് ന്യായമല്ലേ? നമ്മുടെ കഷ്ടതകളിലും ദുഃഖങ്ങളിലും നമുക്കുവേണ്ടി ദൈവത്തോടു അപേക്ഷിക്കണമെന്നു നാം അവളോടു ആവശ്യപ്പെടുന്നതു സ്വാഭാവികമല്ലേ? അവിടുന്നു തന്റെ അമ്മയുടെ പ്രാൎത്ഥന നിരസിച്ചുവെന്നു വരുമോ?"

"കൊള്ളാം, ആ വിധത്തിലാണെങ്കിൽ വിരോധമില്ല—."

"ഫീലോ, അങ്ങിനെയല്ലാതെ മറേറതു വിധത്തിലാണു അതിനെ വ്യാഖ്യാനിക്കേണ്ടതു്? അതു സത്യമല്ലേ?"

"എനിക്കു അതിനെപ്പററി കേൾക്കേണ്ട. ആ വിഷയം ദയവായി ഉപേക്ഷിക്കുക."

എന്നാൽ അതു ഉപേക്ഷിക്കപ്പെട്ടില്ല. ആലീസ് അവളുടെ കാൎയ്യം സാധിച്ചു. ഫീലോയുടെ ദുരഭിമാനം അതു സമ്മതിക്കാൻ അവളെ അനുവദിച്ചില്ല. ദേവമാതാവിനു അവളുടെ ഹൃദയത്തിൽ അല്പം സ്ഥാനം ലഭിച്ചു. അചിരേണ സൂൎയ്യകാന്തി പുഷ്പം സൂൎയ്യനെ അഭിമുഖീകരിക്കുന്നതുപോലെ അവളുടെ ചിന്തകളും ദേവമാതാവിൽ കേന്ദ്രീഭവിച്ചു. അവളുടെ മുൻവിധികളെല്ലാം സാവധാനത്തിൽ ശുഷ്ക്കഉല്യം പരിത്യജിക്കപ്പെട്ടു. അവൾ കന്യകാമറിയത്തിന്റെ ഗുണഗണങ്ങളെ യഥാൎത്ഥസ്ഥിതിയിൽ മ

നസ്സിലാക്കിത്തുടങ്ങി.

ഒരുദിവസം അവർ കുറെ ലില്ലിപുഷ്പങ്ങൾ വാങ്ങി ആചീസിനെ ഏല്പിച്ചുകൊണ്ട് "ഇതു നമ്മുടെ ദേവമാതാവിനു സമൎപ്പിക്കണം" എന്നു പറഞ്ഞു.

ദേവമാതാവിനു ഏററവും പ്രിയമുള്ള ഒരു പുണ്യത്തെയാണല്ലോ അതു അനുസ്മരിപ്പിക്കുന്നതു്. ഈശോയുടെതുപോലെ തന്നെ മാതാവിൻെറ ഔദാൎയ്യത്തിനും അളവില്ലല്ലോ. അവർ ആചീസിനെ സ്വീകരിച്ചതുപോലെ ഫീലോമേയും തൻെറ കാപ്പയുടെകീഴ് അഭയം പ്രാപിക്കുന്നതിനു ക്ഷണിച്ചു. അവർ വേദസത്യങ്ങളെല്ലാം നല്ലവണ്ണം പഠിച്ചതിൻെറശേഷം തിരുസ്സഭയിൽ ചേൎന്നു ഒരുത്തമ കത്തോലിക്കാ മതാവലംബിനിയായിത്തീൎന്നു. ഇതുകഴിഞ്ഞു ഫീലൊയുടെ വീട്ടിൽ രണ്ടു മാതാക്കൾക്കും യഥാൎത്ഥം സ്ഥാനം ലഭിച്ചു.

# ഉണ്ണിയീശോയുടെ പിറവി.

(കുറത്തിപ്പാട്ടു്)

ശ്രീമാൻ ജോസഫ് കല്ലിടുക്കിൽ, മുട്ടം.

ലോകപാപഹരത്തിനായ് നാകലോകേനിന്നും
ലോകനാഥനായ ദൈവം ഭൂമിതന്നിൽ വന്നു
നാലു സഹസ്രകാലമത്ത ലോകപാപം നീക്കാൻ
കാലിവസതിയിൽ വന്നു ജാതനായി ദൈവം !

മഞ്ഞുകാലം മഹാ ശൈത്യം സെൻസ്സസിൻെറ ഫലം
കുഞ്ഞുകുട്ടികളോടൊത്തു മൎത്ത്യരനേകങ്ങൾ
രാജനാകും കേസറിൻെറ ശാസനത്തിനൊത്തു്
പേരെഴുതൽ കഴിപ്പാനായ് ബെത്ലഹേമ്മിലെത്തി.
നാലുഭാഗേനിന്നും വന്ന മൎത്ത്യഗണത്താലാ-
നാട്ടിലുള്ള കുടിലിൽപോലും തിങ്ങിഞെരിഞ്ഞെന്നു്

സൂൎയ്യനിതാ മറയുന്നു രാവടുത്തീടുന്നു
അരവങ്ങൾ പട്ടണത്തിൽ മാറ്റൊലികൊള്ളുന്നു.

യാത്രികനാം തച്ചനേകൻ വീട്ടിലൊക്കെച്ചെന്നു
തത്ര താമസിച്ചീടുവാനെത്രയോ കെഞ്ചുന്നു !
"നീതിമാനാം"തച്ചനന്നുരാത്രികഴിപ്പാനായ്
പാതവക്കിലേ ഗൃഹങ്ങളാകവേ തിരഞ്ഞു !
ഗൎഭിണിയാം ധൎമ്മപത്നി രാജപാതതന്നിൽ
തച്ചനാം തൻ നാഥനേയും നോക്കി നിലകോൾവൂ
വീടുകൾ ലഭിക്കാതേററം താപഭാരത്താലെ
ഓടിയെത്തിടുന്നു തച്ചൻ പത്നിതന്റെ മുൻപിൽ
ഉണ്ണി ജാതനാകാനുള്ള നാഴികയടുത്തു
കണ്ണുകണ്ടുഗമിപ്പാനും സാദ്ധ്യമല്ലാ രാത്രി !
തമ്പുരാന്റെ ഹിതംപോലെ സംഭവിക്കട്ടെന്നാ-
ദമ്പതികളുറച്ചിട്ടു യാത്ര തുടൎന്നപ്പോൾ !
കണ്ടിടുന്നു തൊഴുത്തൊന്നീ പാന്ഥരുടെ മുൻപിൽ
കണ്ണിതത്തൊടതിലവർ കേറി വിശ്രമാൎത്ഥം !
കാളകഴുതകളായ ഹീനമൃഗമല്ലാ-
താളുകളെ അവിടെങ്ങും കാണ്മതിന്നേയില്ല.
പാട്ടുപോലെ വൃത്തിയാക്കി കാലിവസതിയെ
വീടതാക്കി വസിപ്പാനായാത്രികരുറച്ചു !
ക്രൂരരായവൎക്കു മൃഗക്കൂട്ടമല്ലാതാരാ-
നാട്ടിലുള്ളതോൎത്തുനോക്ക ! കഷ്ടമയ്യോകഷ്ടം !
ധന്യനായ യവുസേപ്പും കന്നിമേരി താനും
കന്നുകാലിമൃഗങ്ങളോടന്നുചേൎന്നു പാൎത്തു.

പാതിരാത്രിയായനേരം കന്യകയിൽ നിന്നു
നാഥനായ ഉണ്ണിയീശോ ജാതനായി ഭൂവിൽ !
ലോകനാഥന്റെ ജനനവേളയാകുമപ്പോൾ
ലോകമൊരു ഗാഢനിദ്ര തന്നിലാണ്ടിരുന്നു.
നിദ്രയെ ഭഞ്ജിക്കുമാറു വാനലോകേനിന്നും
എത്രയും കൎണ്ണാമൃതമാം ദൈവദൂതശബ്ദം
"ഉന്നതത്തിൽ ദൈവത്തിന്നു സൎവ്വപുകഴ്ചയും
മന്നിടത്തിൽ 'നൽമനസ്സു'ള്ളോൎക്കു സമാധാനം"

വാനവഗണങ്ങളുന്നീ ഗാനാലാപത്താലേ
മാനവവഗ്ഗത്തിനായി മംഗളം പ്പച്ഛിച്ചു.
ആട്ടിടയരാടുകളെ കാത്തുകൊണ്ടു കാട്ടിൽ
കൂട്ടമോടുറങ്ങിടുമ്പോൾ കേട്ടു ശബ്ദമൊന്നു്
ദൂതരുടെ ഗീതധ്വനി കേട്ടുണന്നിടയർ
പാതിരാവിനുള്ള നിദ്ര ഗണ്യമാക്കിടാതെ
"മോക്ഷഭാഗ്യം നിങ്ങൾക്കേകാൻ രക്ഷകനിതൊന്നു്
ഇക്ഷിതിയിൽ ജാതനായി ! ഭാഗ്യമഹോഭാഗ്യം.
ശീലകളാൽ പുതപ്പിച്ചും ശീതബാധയേററും
ബാലനൊന്നുമേവിടുന്നു കാലിയുടെ കൂട്ടിൽ."
ആട്ടിടയർ കേട്ടുടനെ കുട്ടിയേകാണ്മാനായ്
കാട്ടിലുള്ള കൂട്ടിലേക്കു വാട്ടമെന്യേയോടി.
നല്ലയാട്ടിൻകുട്ടികളെ കാഴ്ചവെച്ചുകൊണ്ടും
വല്ലഭനാമുണ്ണിതന്നെ പാടി വന്ദിച്ചേററം.
ഊഴിതന്നിൽ ലഭിക്കുന്ന സ്ഥാനമാനം സാക്ഷാൽ
പാഴതന്നെയാണന്നുള്ള മൗനമാം പ്രസംഗം
യേശുദേവൻ ശയിക്കുന്ന 'വീടു' നടത്തുന്നു
ആശയോടെ ലോകാനന്ദം തേടുവോരെ, കാണ്മിൻ !
പാത്തലത്തിൽ കീത്തികളും സ്വത്തുമില്ലാത്തോരെ
മാത്രമാശ്രയിച്ചുകൊണ്ടു മർത്ത്യനായി പുത്രൻ !
കാലിതിന്നും പുല്ലുകളാബാലകനുമെത്ത !
മാലണയാതിലോകത്തെ പാലനം ചെയ്യുന്നോൻ !
"നല്ലമനസ്സാ"ണു സാക്ഷാൽ തമ്പുരാനു കാമ്യം
നൽമനസ്സി"ന്നാഭാവത്താൽ വന്നിടുന്നു നാശം.
താഴ്മയെന്ന പുണ്യത്തിൻെറ വെണ്മ കാട്ടിടാനായ്
ഇമ്മഹിതലത്തിൽ വന്ന കണ്മണി പൊന്നുണ്ണി !
സൃഷ്ടിതാവാം നീയീവിധം താഴ്ന്നിടുന്നതോത്താൽ
സൃഷ്ടികളാം ഞങ്ങളെത്ര ലജ്ജിതരാകേണം ?
മന്നവനേ നീ നൽകുന്നോരുന്നതമാം പാഠം
മന്നിടത്തിലോത്തു ചെയ്യാൻ തന്നിടേണേ ഭാഗ്യം
മർത്ത്യപാപോത്തരത്തിന്നായ് പാത്തലത്തിൽ മർത്ത്യ-
പുത്രനായവതരിച്ച ക്രിസ്തുനാഥാ സ്വസ്തി.

ചെറുപുഷ്പത്തിന്റെ

# ചെറിയ മണിമാല.

(റവ. ഫാദർ മാവൂരൂസ് സി. ഡി.)

താത്വികമായി പറയുകയാണെങ്കിൽ മനുഷ്യരെല്ലാവരും യഥാൎത്ഥസൗഭാഗ്യത്തെ അഭിലഷിക്കുന്നു എന്നുവരികിലും പ്രായോഗികമായി പറയുന്നപക്ഷം തൽപരിശ്രമത്തിൽ അവർ പ്രായേണ വിമുഖരായിട്ടാണ് കാണപ്പെടാറുള്ളതു്. ഈ വൈപരീത്യത്തിനുള്ള പ്രധാനകാരണം യഥാൎത്ഥനന്മയെ വേണ്ടത്ര ഗ്രഹിക്കാത്തതാണെന്നു പറയാം. സത്യത്തെ ഗ്രഹിക്കുന്നതിനും ഗ്രഹിച്ചാൽതന്നെ അതനുസരിച്ചു പ്രവൎത്തിക്കുന്നതിനും തടസ്സമായിരിക്കുന്നതു അനുചിതമായ ചില അഭിവാഞ്ഛകളും അഥവാ ആശകളാണ്. മനുഷ്യന്റെ ബുദ്ധി സത്യത്തെയും മനസ്സ് നന്മയെയുമാണ് സ്വാഭാവികമായി ആഗ്രഹിക്കുന്നതെങ്കിലും മുൻപറഞ്ഞ തടസ്സത്താൽ സത്യാന്വേഷണത്തിലും മററു പ്രവൎത്തനപദ്ധതികളിലും അവനു പ്രമാദം പററാറുണ്ട്. പാപത്താൽ മനുഷ്യജാതി അധഃപതിച്ചും മുറിപ്പെട്ടും ഇരിക്കുന്നതിനാൽ അനിയന്ത്രിതമായി ചരിക്കുന്ന ആശകളുടെ ശരിയായ നിയന്ത്രണം ഇങ്ങനെയുള്ള തെററുകളെ പരിഹരിക്കുന്നതിനു അത്യന്താപേക്ഷിതമാണ്. പരസ്പരവിദ്വേഷം, പരകീൎത്തി ദൂഷണം, അധികാരനിന്ദ, സ്വാതന്ത്ര്യേച്ഛ, വിശ്വാസക്ഷയം, സന്മാൎഗ്ഗാധഃപതനം, സമാധാനരാഹിത്യം ഇവയൊക്കെ മനുഷ്യസമുദായത്തിൽ വൎദ്ധിച്ചുവരുന്നുണ്ടെങ്കിൽ അതിന്റെ കാരണം ഓരോ വ്യക്തിയും തന്റെ അഭിലാഷങ്ങളെ ബുദ്ധിയുടെ ശരിയായ ഉപദേശങ്ങൾക്കും മനസ്സിന്റെ കല്പനകൾക്കും കീഴ്പ്പെടുത്തി നിയന്ത്രിക്കാത്തതാണെന്നു പറയുന്നതിൽ പക്ഷാന്തരമില്ലതന്നെ. സ്വാഭാവികാഭിവാഞ്ഛകളെ അടക്കി ഭരിക്കാത്തവൻ പാപങ്ങൾക്കു അടിമയായി ജീവിക്കുന്നതിൽ വിസ്മയത്തിനവകാശവുമില്ല.

ലോകത്തിനും സമുദായത്തിനും തങ്ങൾക്കുതന്നെയും യഥാൎത്ഥനന്മ കൈവരുത്തുന്നതിനുവേണ്ടി ജനിച്ചിരിക്കുന്ന ഭാവിപൌരന്മാരെ രൂപവൽക്കരിക്കുക എന്ന അതിഗൗരവാവഹമാ

യ ചുമതല സ്വീകരിച്ചിരിക്കുന്ന മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും കുട്ടികളുടെ സ്വഭാവസംസ്കരണത്തിൽ ആശാനിഗ്രഹത്തിനുള്ള സ്ഥാനത്തെ വിസ്മരിച്ചാൽ മനുഷ്യസമുദായത്തിൻെറ സ്ഥിതി ഇതിൽ പരിതാപകരം ആകും. ആശാനിയന്ത്രണത്തിൻെറ ആവശ്യകതയെപ്പററി എത്രതന്നെ ഉപന്യസിച്ചാലും അധികമാവുകയുമില്ല. ത്യാഗശീലമുള്ളവനേ ഒരു പരിപൂൎണ്ണ മനുഷ്യനായി വൎത്തിക്കുന്നതിനു സാധിക്കൂ. ത്യാഗശീലം അഭ്യസിച്ചിട്ടുള്ളവൻ മാത്രമെ സ്വന്ത കടമകളെ ശരിയായി നിൎവ്വഹിക്കുകയുള്ളു. ത്യാഗശീലമില്ലാതെ പരസ്പരസ്നേഹം നിലനില്ക്കുകയില്ല. അതില്ലാതെ സമാധാനം പാലിക്കപ്പെടുകയില്ല. ചുരുക്കിപ്പറഞ്ഞാൽ അതില്ലാതെ യാതൊരു നന്മയും സാദ്ധ്യമല്ലതന്നെ. അതുകൊണ്ടു മനുഷ്യർ തമ്മിൽ തമ്മിൽ വേണ്ടത്ര സ്നേഹിച്ചും ബഹുമാനിച്ചും യഥാൎത്ഥമാന്യന്മാരായി സമുദായത്തിൽ കഴിച്ചുകൂട്ടണമെങ്കിൽ ചെറുപ്പംമുതൽതന്നെ സ്വാൎത്ഥത്തെ ത്യജിക്കുന്നതിനു ശീലിക്കേണ്ടതാണ്. ജന്മനാ നമ്മിൽ ബീജാവാപം ചെയ്യപ്പെട്ടിട്ടുള്ള ചില അധമമായ ആശകൾ ശക്തി പ്രാപിച്ചു നമ്മുടെ ബുദ്ധിയെ അന്ധമാക്കി അനുചിതവും എന്നുവേണ്ട, ചിലപ്പോൾ നീചവും മനുഷ്യൻെറ മഹനീയസ്ഥാനത്തിനു പാടെ വിരുദ്ധവുമായ കൃത്യങ്ങൾക്കു നമ്മെ പ്രേരിപ്പിക്കുമ്പോൾ അവയെ യഥാവിധി അമൎത്തി ശരിയായ പന്ഥാവിലൂടെ ചരിക്കുന്നതിനു മനക്കരുത്തു അവശ്യാവശ്യമാണെന്നു അനുദിനാനുഭവം സാക്ഷ്യം വഹിക്കുന്നു. ഈ മനക്കരുത്താകട്ടെ നിരന്തരമായ ത്യാഗങ്ങളാലാണ് പരിപോഷിതമാകേണ്ടതു്. ഏതാദൃശമായ മനശ്ശക്തിയും തൽഫലമായി ഉണ്ടാകുന്ന സ്ഥിരോത്സാഹവും നിമിത്തം പ്രകൃത്യാ അഥവാ ശരീരരീത്യാ അബലകളായ സ്ത്രീകൾപോലും മഹൽകൃത്യങ്ങൾ നിൎവ്വഹിച്ചു ലോകത്തിൻെറ ആശ്ചൎയ്യവിഷയങ്ങളായിത്തീൎന്നിട്ടുണ്ടു്.

ഇന്നു വിശ്വവിഖ്യാതയായിത്തീൎന്നിരിക്കുന്ന വി. കൊച്ചുത്രേസ്യായെപ്പോലെ സ്വപ്രവൎത്തനരംഗത്തിൽ വിജയികളായിട്ടുള്ളവർ ചുരുക്കും. എന്നാൽ വളരെ ഹ്രസ്വമായ ഒരു കാലഘ

ട്ടുംകൊണ്ടു ഇത്ര മഹത്തായ ഒരു സ്ഥാനം ഒരു പെൺകുട്ടി കരസ്ഥമാക്കിയതിൽ വിസ്മയത്തിനവകാശമില്ലാതില്ല. അവളുടെ ബാല്യദശയെ പരിശോധിച്ചാൽ നമ്മുടെ വിസ്മയം ശതഗുണീഭവിക്കുകതന്നെചെയ്യും. അവൾക്കു മൂന്നു വയസ്സു പ്രായമായിരിക്കയിൽ അവളുടെ അമ്മ അവളെക്കുറിച്ചു ഒരു കത്തിൽ ഇങ്ങനെ പറയുന്നു. "ആ കൊച്ചുവികൃതി, ത്രേസ്യാ, എങ്ങനെ ആയിതീരുമെന്നു ആൎക്കും പറഞ്ഞുകൂടാ. അവൾ തീരെ ചെറുപ്പവും ആലോചന ഇല്ലാത്തവളുമാണ്. അവൾക്കു നല്ല ബുദ്ധിയുണ്ടെന്നുവരികിലും അവളുടെ ജ്യേഷ്ഠത്തിയെപ്പോലെ അത്ര സുശീലയല്ല. അവളുടെ ദുശ്ശാഠ്യത്തെ കീഴടക്കാൻ പ്രയാസം." ചെറുപ്പത്തിൽ അവൾക്കുണ്ടായിരുന്ന വേറൊരു കുററം ശക്തിയായ സ്വസ്നേഹം അഥവാ ആത്മാഭിമാനമായിരുന്നു എന്നു സ്വയംകൃതചരിത്രത്തിൽ പ്രസ്താവിച്ചു കാണുന്നു. ഇതിനെ പുരസ്കരിച്ചു അവൾതന്നെ പറഞ്ഞിട്ടുള്ള ഒരു വസ്തുത ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. "ഇപ്രകാരമുള്ള മനസ്ഥിതിയോടുകൂടിയ ഞാൻ ശ്രദ്ധയില്ലാത്ത മാതാപിതാക്കന്മാരാൽ വളൎത്തപ്പെട്ടിരുന്നുവെങ്കിൽ വളരെ ദുശ്ശീലയായിത്തീരുമായിരുന്നു. പക്ഷെ എൻെറ ആത്മാവുകൂടെ നശിച്ചുപോയേനെ . . . . ജീവിതാരംഭത്തിൽ തന്നെ ശാസനയിൽ വളൎത്തപ്പെട്ടതുകൊണ്ടു ആ തെററുകൾ പുണ്യപൂൎണ്ണതയ്ക്കുള്ള കരുക്കളായിത്തീൎന്നു" എന്നിങ്ങനെ വിശുദ്ധതന്നെ എഴുതിയിരിക്കുന്നു. അതുകൊണ്ടു നല്ല വളൎത്തലാണ് ഈ കൊച്ചു വികൃതിയെ വലിയ വിശുദ്ധയാക്കിത്തീൎത്തതു് എന്നു സിദ്ധിക്കുന്നുണ്ടല്ലൊ. ഈ നല്ല വളൎത്തലിൻെറ പരിപാടിയിൽപെട്ട സൎവ്വപ്രധാനമായ ഒരു കാൎയ്യമാണ് ഈ ലേഖനവിഷയമാക്കിയിട്ടുള്ളതു്. ഏതു ദുശ്ശീലയെയും സുശ്ശീലയാക്കിത്തീൎക്കുന്നതിനു പററിയ ആ സൂത്രം പ്രശംസാൎഹമെന്നു സംവദിക്കുകതന്നെവേണം. വി. കൊച്ചുത്രേസ്യായുടെ അമ്മ ഒരു കത്തിൽ ഇപ്രകാരം എഴുതുകയുണ്ടായി. "ത്രേസ്യായ്ക്കുകൂടിയും സ്വയനിഗ്രഹം പരിശീലിക്കാൻ താല്പൎയ്യമുണ്ടു്. തങ്ങളുടെ സ്വയനിഗ്രഹപ്രവൃത്തികളെ എണ്ണുന്നതിനായി മതിയ അവളുടെ കൊച്ചുസ

ഹോദരിമാക്ക മണികഠം കോത്തിട്ടുള്ള ഓരൊ മാല കൊടുത്തിട്ടുണ്ട്. ത്രേസ്യാ ക്രൂടക്കൂടെ പോക്കററിൽ കൈയ്യിട്ടു, ഓരൊ ചെറിയ ത്യാഗപ്രവൃത്തികഠം ചെയ്യുമ്പോഴും, മാലയിലുള്ള ഓരോ മണി മാററുന്നതു് കാണ്മാൻ വളരെ കൗതുകമാണ്." ഇതിൽനിന്നു മരിയയുടെ ലാക്കം അതിൻെറ വിജയവും സ്പഷ്ടമായി തെളിയുന്നു. ഈ ചെറിയ മണിമാല ആ കുട്ടികഠംക്ക പ്രത്യേകം കൊച്ചുത്രേസ്യായും ത്യാഗപരമായ ജീവിതത്തിനു താല്പയ്യം നൽകിയിട്ടുണ്ടെന്നുള്ളതു് അനുകതസിദ്ധം. ആ കുട്ടികളുടെ അനന്തരജീവിതം ഈ അനുമാനത്തെ സ്ഥാപിക്കതന്നെ ചെയ്യുന്നുമുണ്ട്. ശൈശവത്തിൽതന്നെ തുടങ്ങിയ ഈ ത്യാഗാഭ്യാസമാണ് വി. കൊച്ചുത്രേസ്യായുടെ ഒരു വിജയരഹസ്യം എന്നു പറയുന്നതിൽ പക്ഷാന്തരമില്ല. തെററായി ചരിക്കുന്ന ആശകളുടെ നിയന്ത്രണവും ദുരാശകളുടെ നിഗ്രഹവും സന്മാഗ്ഗജീവിതത്തിനു എത്രകണ്ടു ആവശ്യമെന്നു വിവേചനശക്തിയുള്ളവക്കൊക്കെ അറിയാം. സുബുദ്ധിക്കു ചേരാത്തതായി അഥവാ അല്പമായിട്ടെങ്കിലും തെററു എന്നു പറയത്തക്കതായി എന്തെങ്കിലും പറയുകയോ പ്രവത്തിക്കുകയോ വിചാരിക്കുകതന്നെയോ ചെയ്തിട്ടുണ്ടെങ്കിൽ എന്നുവേണ്ടാ കുറേക്കൂടെ നന്നായി നിവ്വഹിക്കാൻ പാടുണ്ടായിരുന്ന ഒരു സൽകൃത്യം അപൂണ്ണമായി ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള പ്രധാന കാരണം ത്യാഗശീലത്തിൻെറ അഥവാ ആശാനിഗ്രഹത്തിൻെറ കുറവെന്നു ഓരോരുത്തക്കും അവരവരുടെ നിത്യാനുഭവംതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്.

ആകയാൽ പൗരന്മാരും സമുദായ നേതാക്കന്മാരും ആയിത്തീരാനുള്ള നമ്മുടെ ഇന്നത്തെ കുട്ടികഠം വിദൂരമല്ലാത്ത ഭാവിയിൽ അവരവക്കു ലഭിക്കുന്ന പ്രവത്തനരംഗത്തിൽ വിജയശ്രീലാളിതരായി ഭവിക്കുന്നതിനു യഥാത്ഥമായി കാംക്ഷിക്കുന്നവർ കുട്ടികളുടെ സ്വഭാവസംസ്കരണത്തിൽ ആശാനിഗ്രഹത്തിനുള്ള സവ്വപ്രധാനമായ സ്ഥാനത്തെ അനുസ്മരിക്കണം. ജീവിതവിജയത്തിനു ആവശ്യമായ സ്ഥിരോത്സാഹം, സൽകൃത്യങ്ങഠംക്കുള്ള തടസ്സങ്ങളെ തരണംചെയ്യുന്നതിനുവേണ്ട ദൃഢനിശ്ചയം, ജീ

വിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും പ്രത്യേകം യൗവനദശയിലും ഉണ്ടാകുന്ന ശക്തിമത്തായ പ്രലോഭനങ്ങളെ ജയിച്ചു പരിശുദ്ധമായി ജീവിക്കുന്നതിനു അത്യന്താപേക്ഷിതമായ മനക്കരുത്തു് ഇവയെല്ലാം ആശാനിഗ്രഹത്തിന്റെ അഭ്യാസത്താൽ ആൎക്കും ലഭ്യമാകാതിരിക്കയില്ല.

# തരുന്ന വന്ദനം.

അന്നനട.

(ശ്രീമതി പി. ഐ. കുഞ്ഞന്നം.)

“മഹോന്നതങ്ങളിൽ സ്തുതി ദൈവത്തിന്നു
മഹീതലത്തിലെ നിവാസിയായോരിൽ
സുമനസ്സുള്ളവർ പരമശാന്തത
ശ്രമമെന്യേയനുഭവിക്ക”മെന്നതായ്
മുഴക്കിടുന്നതാം ഗഗനം തന്നിലായ്
തഴക്കമല്ലിതു ശ്രവിച്ചതില്ലമുൻ
പ്രകാശപുഞ്ജമാം നവീന താരകം
വികാസമോടെ വന്നുദിച്ചിതന്നാളിൽ
പ്രഭാതലം അഹോ! സുരൻതന്നോകസ്സും
സുഭാഷിതത്തിനായ് തുറന്നു ചിക്കനെ
അണിയണികളായിറങ്ങി വാനവർ
ഘൃണാലയൻ ശിശു ജനിച്ചവേളയിൽ
ദലംചരിവിലെ ഗൃഹപ്രദേശത്തെ
അലസതയെന്യേ പ്രപന്നരായവർ
പഴന്തുണികളാൽ പൊതിയപ്പെട്ടോരു
അഴകേറും ചെറുശിശുവിൻ മുമ്പിലായ്
കവിഴ്ന്നു വീഴുന്നു, കനിക്കുന്നു തങ്ങൾ
സവിനയം ശിരസ്സതീവഭക്തിയാൽ
സ്തുതിക്കുന്നിതവർ, നമിക്കുന്നിതവർ
പ്രതാപശാലിയോ! ചെറിയോരീപൈതൽ!




# പ്രസിദ്ധ ഔഷധങ്ങൾ.

## Malariana മലേറിയാനാ.

ഈ കീർത്തിപെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, കന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറവുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉതകികളെഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന്ന ഇതു ഒരു പ്രസിദ്ധ ഔഷധമാകുന്നെന്ന എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്ന 1 ക. 8 ണ; 1 ഡജന 16 ക. 8 ണ; 4 ഔൺസിന്ന 14 ണ; 1 ഡജന 9 ക. 12 ണ;

## SYRUP SARSAMOGA. രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ശമിപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിന്ന 3 ക. 8 ണ. ചെറിയ കുപ്പി 1ക്ക 1 ക. 14 ണ.

## BABYTONE. ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ മീൎണ്ണകോശക്രമക്കേട്ടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്ന ക. 4 ണ.

## EAR OIL. ചെവി ചോരുന്നതിന്ന.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്ന ചലംവരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഓയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്ന 8 ണ; 1 ഔൺസിന്ന 14 ണ.

## SYRUP CARDUS. പിത്തഹരൌഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞെരിച്ചൽ ഇവയെല്ലാം ഗൃഹസ്ഥന്മാരുടെ പീഡകളല്ലയോ? എന്നാൽ ഈ സിറപ് കരള് ഗ്രന്ഥി എന്നവയുടെ എല്ലാ കേടുകളേയും നിരാകരിച്ച ശരീരത്തിന്ന പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്ന സംശയമില്ല. വില 8 ഔൺസിന്ന 3ക. 8ണ. ചെറിയ കുപ്പി 1ക്ക 1ക. 14ണ.

## RINGWORM BALM. തൊക്ക്രോഗത്തിന്ന.

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 ന്ന 5 ണ; 1 ഡജന 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്ക അയച്ചുകൊടുക്കുന്നതാണ്. ഇതിന്നപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൦ | ധനു - മകരം | | | ജനുവരി ൧൯൩൫. |
|---|---|---|---|---|
| ൧൭ | 1 | ചൊ. | ✠ | ന. ക. ഛേദനാചാരം |
| ൧൮ | 2 | ബു. | വി. | മക്കാരീസ് |
| ൧൯ | 3 | വ്യാ. | വി. | ജനോവാ ക. |
| ൨൦ | 4 | വെ | വി. | ആൻജെലാ ക. |
| ◐ | 5 | ശ. | വി. | ശെമയോൻ. |
| ൨൨ | 6 | ഞാ. | ✠ | ന. ക. ദനഹ |
| ൨൩ | 7 | തി. | വി. | ലൂസ്യൻ. |
| ൨൪ | 8 | ചൊ. | വി. | ലോറ യുസ്തിനിയാനി |
| ൨൫ | 9 | ബു. | വി. | ജൂലിയൻ. |
| ൨൬ | 10 | വ്യാ. | | [illegible] |
| ൨൭ | 11 | വെ. | വി. | ഹിജിനുസ് പാ. |
| ൨൮ | 12 | ശ | വി. | ഒസാത്തിക്കുസ്. |
| ൨൯ | 13 | ഞാ. | ✠ | വെറോനിക്ക |
| ൧ | 14 | തി. | വി. | ഹിലാരി |
| ൨ | 15 | ചൊ. | വി. | വി. പൗലോസ്. |
| ൩ | 16 | ബു. | വി. | മർസെലിസ് പാ |
| ൪ | 17 | വ്യാ | വി. | അന്തോനീസ്. |
| ൫ | 18 | വെ. | വി. | പത്രോ. റോ. സിം |
| ◑ | 19 | ശ. | വി. | കാന്യൂട്ടരാ |
| ൭ | 20 | ഞാ. | ✠ | വി. പൗ്യാ. സെബസ്ത്യാ. |
| ൮ | 21 | തി. | വി. | ആഗ്നസ് |
| ൯ | 22 | ചൊ. | വി. | അനസ്താസി |
| ൧൦ | 23 | ബു. | വി. | ഇൽദെഫോൻസ് |
| ൧൧ | 24 | വ്യാ. | വി. | തിമോത്തി |
| ൧൨ | 25 | വെ. | വി. | പൗലോ. മാനസാന്ത. |
| ൧൩ | 26 | ശ. | വി. | പോലിക്കാർപ്പ് |
| ൧൪ | 27 | ഞാ. | ✠ | ക്രിസോസ്തോമോസ് |
| ൧൫ | 28 | തി. | വി. | ക്രിസല്ലൂസ് |
| ൧൬ | 29 | ചൊ. | വി. | ഫ്രാ. സാലെസ് |
| ൧൭ | 30 | ബു. | വി. | മർത്തീനാ. |
| ൧൮ | 31 | വ്യാ. | വി. | പത്രോ. നൊലാസ്കൂ. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.